"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ മിഷൻ - കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം - സി.ഡി.എസുകളിലൂടെ സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളുടെ പൊതുനന്മ (സി.എസ്.ആർ) ഫണ്ട് ലഭ്യമാക്കുന്നതിന് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോ ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.52/2025/LSGD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-

1. 18/08/1995 -ലെ സ.ഉ.(സാധാ) നം.794/1995/തസ്വഭവ
2. 08/08/2008 -ലെ സ.ഉ. (പി) നം.222/2008/തസ്വഭവ
3. 07/10/2014 -ലെ സ.ഉ. (പി )നം.170/2014/തസ്വഭവ
4. 13/11/2014 -ലെ സ.ഉ. (പി) നം. 198/2014/തസ്വഭവ
5. 15/01/2021 -ലെ സ.ഉ. (പി) നം.10/2021/തസ്വഭവ
6. 08/11/2021 -ലെ സ.ഉ. (പി ) നം.55/2021/തസ്വഭവ
7. 29/01/2024-ലെ സ.ഉ. (പി ) നം.19/2024/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/03/2024 തീയതിയിലെ 3737/M/2017/KSHO/-Part(1) നം. കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോ അംഗീകരിച്ചും പരാമർശം (2) മുതൽ (7) വരെ ഉത്തരവുകൾ പ്രകാരം പ്രസ്തുത ബൈലോ പരിഷ്കരിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. കുടുംബശ്രീക്ക് സിഡിഎസ്സുകളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളുടെ പൊതു നന്മ (CSR) ഫണ്ട് ലഭ്യമാക്കുന്നതിന് കുടുംബശ്രീ ബൈലോയിൽ നിലവിലുള്ള അനുച്ഛേദം 13.3.2 -ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ (സി.ഡി.എസ്) ബൈലോയിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| അനുച്ഛേദം | നിലവിലെ വ്യവസ്ഥ | ഭേദഗതി |
|---|---|---|
| | പ്രവേശന ഫീസ്/അഫിലിയേഷൻ ഫീസ്, വാർഷിക | |

| | | |
|---|---|---|
| 13.3.2 | വരിസംഖ്യ സംഭാവനകൾ, ഗവണ്മെന്റിൽ നിന്നോ ത്രിതല പഞ്ചായത്തുകളിൽ നിന്നോ, ഇതര സംഘടനകളിൽ നിന്നോ, വ്യക്തികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകൾ, സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നുള്ള അധികവരുമാനം, വിഹിതങ്ങൾ, സമിതി പ്രവർത്തനങ്ങളിൽ നിന്നും കിട്ടുന്ന ആദായങ്ങൾ എന്നിവ പ്രവർത്തനം ഫണ്ടിൽ മുതൽക്കൂട്ടുന്നതാണ്. | പ്രവേശന ഫീസ് അഫിലിയേഷൻ ഫീസ്, വാർഷിക വരിസംഖ്യ സംഭാവനകൾ, ഗവൺമെന്റിൽ നിന്നോ ത്രിതല പഞ്ചായത്തുകളിൽ നിന്നോ ഇതര സംഘടനകളിൽ നിന്നോ, വ്യക്തികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നോ ലഭിക്കുന്ന ഗ്രാന്റുകൾ. **സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന CSR ഫണ്ടുകൾ,** സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നുള്ള അധികവരുമാനം, വിഹിതങ്ങൾ, സമിതി പ്രവർത്തനങ്ങളിൽ നിന്നും കിട്ടുന്ന ആദായങ്ങൾ എന്നിവ പ്രവർത്തന ഫണ്ടിൽ മുതൽക്കൂട്ടുന്നതാണ്. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/314/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 17-03-2025 17:36:24

സെക്ഷൻ ഓഫീസർ